കാണാൻ കിട്ടിയേക്കും. ഒരിക്കൽ നല്ലപോലെ കണ്ടവർ ആരും പച്ചില പ്ലാമ്പിനെ പിന്നെ ജീവനുള്ള കാലമത്രയും മറക്കുമെന്നു ഞാൻ കരുതുന്നില്ല. ഓർമയുടെ ബാങ്കിൽ ഒരു സ്ഥിരനിക്ഷേപമായി അതു നിങ്ങളുടെ ജീവിതത്തെ എന്നും സമ്പന്നമാക്കിക്കൊണ്ടിരിക്കും.

(4 മെയ്, 1986)

## 97. ചെത്തിലപ്പട്ടികൾ

തലക്കെട്ട് എഴുതിക്കഴിഞ്ഞപ്പോൾ ഒരു സംശയം: 'അലഞ്ഞുതിരിയുന്ന നായ്ക്കൾ' എന്നു, ഉദ്ദിഷ്ടമായ, അർത്ഥം ആ സമസ്തപദത്തിനുണ്ടോ? 'മുറിച്ചിട്ട (ചെത്തിയ) ഇല' എന്നോ മറ്റോ ആയിരിക്കേണ്ടേ 'ചെത്തില' എന്ന പദത്തിനർത്ഥം? അതിനും പട്ടിക്കും തമ്മിൽ എന്തു ബന്ധം?

'ചൊക്ലിപ്പട്ടികൾ' എന്ന വാക്കാണു ഞങ്ങൾ, തൃശ്ശൂർക്കാർ, മുമ്പ് ഈ അർത്ഥത്തിൽ ഉപയോഗിച്ചിരുന്നത്. കൂടെക്കൂടെ കല്ലേറുകൊള്ളേണ്ട ഉദ്യോഗമാണല്ലോ അലഞ്ഞുതിരിയുന്ന നായ്ക്കളുടേതു്. കല്ലേറ് ഏല്ക്കുന്ന പട്ടിയുടെ കരച്ചിലിന്റെ അനുകരണമാണ് 'ചൊക്ലി' എന്നതു് എന്നായിരുന്നു ഞങ്ങളുടെ വിശ്വാസം.

മയ്യഴിക്കടുത്തുള്ള 'ചൊക്ലി' എന്ന സ്ഥലത്തെപ്പറ്റി പിന്നീട് അറിയാനിടയായി. തെണ്ടിപ്പട്ടികളുടെ കേന്ദ്രമല്ല ഈ പ്രദേശമെന്നു്, അനുഭവത്തിൽനിന്നു മനസ്സിലായി. അനുഗൃഹീത ചിത്രകാരനും പ്രശസ്ത ചൊക്ലിക്കാരനുമായ ശ്രീ എം. വി. ദേവൻ എന്റെ സുഹൃത്തും സഹപ്രവർത്തകനുമായിത്തീർന്നു. 'ചൊക്ലിപ്പട്ടികൾ' എന്ന പഴയ, തൃശ്ശൂർ പേരു് തുടർന്നു് ഉപയോഗിക്കുന്നതിൽ ഇതെല്ലാം പ്രതിബന്ധങ്ങളായി. ആ സ്ഥാനത്തു് ഉപയോഗിക്കാൻ കോഴിക്കോട്ടുനിന്നു കിട്ടിയതു് 'ചെത്തിലപ്പട്ടികൾ' എന്ന പദമാണ്. അർത്ഥത്തിൽ പ്രകടമായ പൊരുത്തക്കേടുണ്ടെങ്കിലും, ഇപ്പോഴും ആ പദംതന്നെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. കാരണം, 'ഉടമസ്ഥനില്ലാതെ അലഞ്ഞുതിരിയുന്ന നായ്ക്കൾ' എന്ന വലിയ തലക്കെട്ട് ഒരു ചെറിയ കുറിപ്പിനു പററുകയില്ലല്ലോ.

ചെത്തിലപ്പട്ടികളുടെ ഉപദ്രവം ധാരാളമുള്ള പ്രദേശമാണ് കൊല്ലം നഗരം. പുലർവേളയിൽ തേവള്ളിപ്പാലത്തിൽനിന്നുകൊണ്ടു് അഷ്ടമുടിക്കായലിലെ സൂര്യോദയം കാണുക ദിവ്യമായ ഒരനുഭവമാകുന്നു. പക്ഷേ, ആ സമയത്തു് എങ്ങനെയാണ് അങ്ങോട്ടു നടന്നെത്തുക? വഴിനീളെ ചെത്തിലപ്പട്ടികളാണ്. ടാറിട്ട റോഡുവിട്ട് ഇടവഴികളിലേക്കു തിരിഞ്ഞാൽപ്പിന്നെ പറയുകയും വേണ്ട!

അതു പുറത്തിറങ്ങിയാലത്തെ കഥ. കൊല്ലത്തു ഞങ്ങൾ താമസിക്കുന്ന വീട്ടിന്റെ മുൻവശത്തുള്ള തുറന്ന പോർച്ച് ഏതാനും ചെത്തിലപ്പട്ടികളുടെ പാർപ്പിടമാണ്. മഴ തുടങ്ങിയാൽ അവ അവിടെ ഒത്തുകൂടും: സുന്ദരിയായ ഒരു നാടൻ പട്ടിയും അവളുടെ പല കാമുകന്മാരും. പട്ടിയെക്കൊണ്ടു കുഴപ്പമില്ല; അവൾ ആരെ കണ്ടാലും വാലാട്ടി സ്നേഹം നടിച്ചു നിൽക്കുകയേയുള്ളു. എന്നാൽ, കാമുകന്മാരുടെ സ്ഥിതി അതല്ല. അക്കൂട്ടത്തിൽ കറുത്ത ഒരു ക്രൂരൻ നായയുണ്ട്. ഞങ്ങളുടെയെല്ലാം നേരേ അവൻ കുരച്ചുചാടും. വീടു തന്റേതാണെന്നാണ് അവന്റെ ഭാവം. പിന്നെ,

രാത്രിമുഴുവൻ അവയുടെ ബഹളവുമുണ്ട്. ചിലപ്പോൾ ഉറങ്ങാനേ കഴിയാറില്ല.

കഴിഞ്ഞ മഴക്കാലത്ത് ഈ ചെത്തിലപ്പട്ടികളുടെ ദ്രോഹം സഹിക്കാതായപ്പോൾ ഞങ്ങളുടെ വീട്ടുടമ മുനിസിപ്പാലിററിയിൽ പരാതിപ്പെട്ടു. പൗരനെന്ന നിലയിൽ തന്റെ ചുമതല നിർവഹിച്ചെന്ന സംതൃപ്തി അദ്ദേഹത്തിനു കിട്ടുകയുംചെയ്തു. പക്ഷേ, കൊല്ലം മുനിസിപ്പാലിററിയിൽ യാതൊരു ചലനവും ഈ പരാതികൊണ്ട് ഉണ്ടായില്ല. ചെത്തിലപ്പട്ടികൾ ഞങ്ങളുടെ വീടിന്റെ പോർച്ചിൽത്തന്നെ മഴക്കാലം മുഴുവൻ കഴിച്ചുകൂട്ടി. ഇപ്പോൾ അവയെക്കൊണ്ടു വലിയ ശല്യമില്ല. എന്നാലും മഴ പെയ്യാൻ തുടങ്ങിയാൽ, അവയുടെ വിക്രിയകൾ വീണ്ടും ആരംഭിക്കുമെന്ന കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല.

തവളക്കാലുകൾ രുചിയോടെ ഭക്ഷിക്കുന്ന ഫ്രഞ്ചുകാരും അമേരിക്കക്കാരും ജപ്പാൻകാരും എന്തുകൊണ്ടു നായിറച്ചിയിൽ താല്പര്യം കാണിക്കുന്നില്ല? അവർ അല്പമൊന്നു കനിഞ്ഞിരുന്നെങ്കിൽ, ഒരു നായിറച്ചിക്കയററുമതിവ്യവസായം ഇന്ത്യയിൽ പുഷ്ടിപ്പെട്ടുമായിരുന്നു; പോക്കാച്ചിത്തവളകളെപ്പോലെ ചെത്തിലപ്പട്ടികളും നാട്ടിൽനിന്നു പാടെ അപ്രത്യക്ഷമാവുമായിരുന്നു.

പറഞ്ഞിട്ടെന്തു കാര്യം? സമ്പന്നരാജ്യക്കാർ നായിറച്ചി തിന്നാത്തവരായതുകൊണ്ട്, കൊല്ലം പട്ടണത്തിലെന്നപോലെ ഇന്ത്യാരാജ്യത്തിലൊട്ടാകെ ചെത്തിലപ്പട്ടികൾ വലിയ ഒരു ശല്യമായാണ് ഇപ്പോൾ വന്നുകൂടിയിട്ടുള്ളത്. 'പേയ്' എന്നു നാം വിളിക്കുന്ന ഭയങ്കരമായ നായ്‌വിഷം ഏതു ചെത്തിലപ്പട്ടിയുടെ പല്ലിലാണ് ഉള്ളതെന്നു നാം എങ്ങനെ അറിയാനാണ്? പേയിളകി മരിക്കുന്ന നിർഭാഗ്യവാനായ മനുഷ്യനെ ഒരിക്കൽ കാണാനിടവന്ന ഒരാളും പിന്നീട് നായയുടെ നേരെ ഭയത്തോടെയല്ലാതെ നോക്കുകയില്ല. ഇന്ത്യയിൽ പകർച്ചവ്യാധികളുടെ കൂട്ടത്തിലാണു പേയ് ഗണിക്കപ്പെടുന്നത്. പേയ് തടയുവാനുള്ളവഴി ചെത്തിലപ്പട്ടികളുടെ വംശനാശം വരുത്തുകമാത്രമാകുന്നു. അതിനാൽ ദില്ലിയിലെ 'പകർച്ചവ്യാധികൾക്കുള്ള ദേശീയസ്ഥാപനം' (നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് കമ്യൂണിക്കബിൾ ഡിസീസസ്—എൻ. ഐ. സി. ഡി.) ഇടയ്ക്കിടെ ചെത്തിലപ്പട്ടികളെപ്പററിയുള്ള വിവരങ്ങൾ ശേഖരിച്ചു പ്രസിദ്ധീകരിക്കാറുണ്ട്. ഓരോ സ്റ്റേററിലുമുള്ള നായ്ക്കളുടെ എണ്ണം, മുനിസിപ്പാലിററികൾ പിടിച്ചു കൊല്ലുന്ന ചെത്തിലപ്പട്ടികളുടെ എണ്ണം ഇതൊക്കെ കിറുകൃത്യമായി ഈ പ്രസിദ്ധീകരണങ്ങളിൽ കാണും. വാസ്തവവും ഈ കണക്കുകളും തമ്മിൽ എത്രമാത്രം ബന്ധമുണ്ടെന്നു്, പക്ഷേ, ചോദിച്ചേക്കരുത്.

'ഇന്ത്യയിൽ നായ്ക്കളുടെ സ്വർഗം' എന്നു വിളിക്കാവുന്ന ഒരു സ്റ്റേററ് ഉണ്ടെങ്കിൽ അതു് 'മണിപ്പൂർ' ആണെന്ന് എൻ. ഐ. സി. ഡിയുടെ ഒരു പുതിയ പ്രസിദ്ധീകരണത്തിൽ കാണുന്നുണ്ടത്രേ. പതിനഞ്ചുലക്ഷത്തിൽ താഴെമാത്രം ജനങ്ങളുള്ള മണിപ്പൂരിൽ ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തിനാനൂററിനാല്പത്തൊന്നു നായ്ക്കൾ ഉണ്ട്. ഇവയിൽ ഒന്നുപോലും 'ചെത്തില' വർഗത്തിൽപ്പെട്ടതല്ല; എല്ലാററിനും ഉടമസ്ഥരുണ്ട്. എങ്കിലും, പേയ്ക്കെതിരായ കുത്തിവെപ്പ് മണിപ്പൂരിലെ എല്ലാ നായ്ക്കൾക്കും കിട്ടിയിട്ടുണ്ടെന്നു പറയാനാവില്ല. ഈ ചെറിയ സ്റ്റേററിൽ നാല്പത്താറ് മൃഗാശുപത്രികളും എൺപത്തേഴ് മൃഗ ഡിസ്പെൻസറികളുമുണ്ട് എന്ന വസ്തുതതന്നെ മണിപ്പൂർകാരുടെ ശുനകസ്നേഹത്തിനു തെളിവാകുന്നു. മൂന്നു ലക്ഷത്തിലെറെ ജനങ്ങൾ മാത്രമുള്ള സിക്കിമിൽ ഇരുപത്തോരായിരത്തി ഇരുനൂററിമൂന്നു നായ്ക്കളുണ്ടത്രേ. എട്ടു ലക്ഷത്തിൽ താഴെ ജനങ്ങളുള്ള നാഗാലാൻഡിൽ ഇരുപത്തേഴായിരത്തി എഴുനൂററുപത്തേഴ്

നായ്ക്കളുണ്ട്. എല്ലാം ഉടമസ്ഥനുള്ളവ. ഒരൊററ ചെത്തിലപ്പട്ടിയും നാഗാലാൻഡിൽ ഇല്ല!

'പകർച്ചവ്യാധികൾക്കുള്ള ദേശീയസ്ഥാപന'ത്തിന്റെ കണക്കുകളനുസരിച്ച് ബിഹാറിൽ പത്തുലക്ഷത്തിപതിനാറായിരത്തിത്തൊള്ളായിരത്തിഇരുപത്തിരണ്ട് നായ്ക്കൾ ഉണ്ട്. നായ്ക്കളെ വളർത്തുന്നവർ അവയെ രജിസ്റ്റർചെയ്യുകയും ലൈസൻസ് വാങ്ങുകയും വേണമെന്ന് ബിഹാറിൽ നിയമം അനുശാസിക്കുന്നു. പക്ഷേ, ഈ നിയമം അപൂർവമായേ അനുസരിക്കപ്പെടുന്നുള്ളു, ബിഹാറിൽ പേപ്പട്ടിവിഷനിവാരണത്തിനുള്ള പരിപാടികളും നിലവിലില്ല.

പടിഞ്ഞാറേ ബംഗാളിൽ, ഇരുപത്തിമൂന്നു ലക്ഷത്തിഇരുപതിനായിരത്തോളം നായ്ക്കളുണ്ട്; ഇവയിൽ ഇരുപത്തിരണ്ടുലക്ഷത്തോളം ചെത്തിലപ്പട്ടികളാണ്; എന്നാൽ, ഹിമാചലപ്രദേശിൽ ആകെയുള്ള ഒരു ലക്ഷത്തിമുപ്പത്തയ്യായിരത്തിലേറെ നായ്ക്കളിൽ പതിനയ്യായിരത്തിലേറെ മാത്രമാണത്രേ 'ചെത്തില'കൾ. ഈ കണക്കുകൾ എത്രമാത്രം വിശ്വസനീയങ്ങളാണെന്നറിഞ്ഞുകൂടാ. അതിനാൽ മൃഗങ്ങളോടു സ്നേഹം പ്രദർശിപ്പിക്കുന്നതിൽ ബംഗാളികളും ഹിമാലയവാസികളും തമ്മിലുള്ള വ്യത്യാസം, ഈ കണക്കുകളെ അടിസ്ഥാനപ്പെടുത്തി ഊഹിച്ചെടുക്കുന്നതു ശരിയായിക്കൊള്ളണമെന്നില്ല.

കേരളത്തിലെ സ്ഥിതി എന്താണ്? എൻ. ഐ. സി. ഡി.യുടെ കണക്കുകൾ ഉദ്ധരിക്കുന്ന പത്രലേഖനത്തിൽ (സ്റ്റേററ്സ്മാൻ, മാർച്ച് 15) ആ വിവരം ചേർത്തു കാണുന്നില്ല. എന്നാൽ, ഗുജറാത്ത്, രാജസ്ഥാൻ, പഞ്ചാബ്, മധ്യപ്രദേശ്, ഉത്തരപ്രദേശ് മുതലായ ഏതാനും സ്റ്റേററുകളിൽ സർക്കാർ നായ്ക്കളുടെ കണക്കെടുത്തിട്ടില്ല എന്ന വിവരം പത്രത്തിലുണ്ട്. നായ്ക്കളുടെ കണക്കെടുക്കാത്ത സ്റ്റേററുകളുടെ കൂട്ടത്തിലായിരിക്കാം കേരളത്തിന്റെ സ്ഥാനം.

ചെത്തിലപ്പട്ടികളെ പിടിച്ചു കൊല്ലുന്നതിനുള്ള സംവിധാനം ഇന്ത്യയിൽ പല മുനിസിപ്പാലിററികളിലുമുണ്ട്. വിഷം കുത്തിവച്ചാണു നായ്ക്കളെ കൊല്ലുന്നതു്. ഇങ്ങനെ കൊല്ലപ്പെടുന്ന നായ്ക്കളുടെ എണ്ണം കണക്കാക്കി, അവയെ പിടിച്ചേല്പിക്കുന്നവർക്കു പ്രതിഫലം നൽകുന്നു. ഒരേ നായയെത്തന്നെ പല കുറി കൊന്നതായി കണക്കിൽ കാണിക്കാതിരിക്കാൻ, കൊല്ലുന്ന നായ്ക്കളുടെ വാൽ മുറിച്ചു കളയുന്നു? മുറിവാലൻനായ്ക്കളുടെ കാര്യത്തിലോ? അതറിഞ്ഞുകൂടാ. നായ്ക്കളെ ആദായകരമായും വേഗത്തിലും കൊല്ലാനുള്ള വിദ്യ 'വടിയെടുത്തു്' അവയുടെ തലയ്ക്കടിയ്ക്കുക'യാണെന്ന ഉത്തരപ്രദേശ് സർക്കാരിന്റെ ഉപദേശം എൻ. ഐ. സി. ഡി. ഉദ്ധരിക്കുന്നുണ്ട്.

ഏററവും അധികം ചെത്തിലപ്പട്ടികളെ പിടിച്ചു കൊല്ലുന്ന ഇന്ത്യൻ മുനിസിപ്പാലിററിക്ക് ഒരു സമ്മാനം ഏർപ്പെടുത്തുന്ന പക്ഷം, ആ സൗഭാഗ്യം ലഭിക്കുക ദില്ലി മുനിസിപ്പാലിററിക്കാണ്. 1985–മാണ്ടിൽ ദില്ലി മുനിസിപ്പാലിററി നാല്പതിനായിരത്തിത്തൊള്ളായിരത്തിമുപ്പത്തിമൂന്നു ചെത്തിലപ്പട്ടികളെ കൊന്നു എന്നാണു കണക്ക്. 1986–ലെ ജനുവരി ഫെബ്രുവരി മാസങ്ങളിൽ ഏഴായിരത്തഞ്ഞൂറു ചെത്തിലപ്പട്ടികളാണത്രേ ദില്ലിയിൽ കൊല്ലപ്പെട്ടതു്. അതേസമയം, 1986–ൽ ദില്ലിനഗരത്തിൽ ആകെ നിയമപ്രകാരം രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ളതു് ഒരുനൂററിത്തൊണ്ണൂററൊന്നു വളർത്തുനായ്ക്കൾ മാത്രമാണ്!

ഇന്ത്യയിൽ പേപ്പട്ടിവിഷബാധ രേഖപ്പെടുത്താത്ത പ്രദേശങ്ങൾ ലക്ഷദ്വീപുകളും ആൻഡമാൻ–നിക്കോബർ ദ്വീപുകളും മാത്രമാണത്രേ. ലക്ഷദ്വീപിലെ നിവാസികൾ (കരയിൽനിന്നു വന്നു പാർക്കുന്ന ഉദ്യോഗസ്ഥരെ ഒഴിച്ചാൽ) മുഴുവൻ മുസ്ലീങ്ങളാകുന്നു. നായ, അവരെ സംബ

ന്ധിച്ചിടത്തോളം, അശുദ്ധിയുളവാക്കുന്ന ഒരു മൃഗമാണല്ലോ. ആൻഡമാൻ നിക്കോബാർ ദ്വീപുകാർ നായയെ വളർത്താത്തതിന്റെ കാരണം എന്തോ! ഏതായാലും, ഈ രണ്ടു കേന്ദ്രഭരണപ്രദേശങ്ങളിലും ചെത്തിലപ്പട്ടികൾ ഇല്ല.

ബാംഗ്ളൂർ നഗരത്തിൽ 1984—ൽ മുപ്പത്തീരായിരത്തിഎണ്ണൂററുപത്തെട്ടു ചെത്തിലപ്പട്ടികളെ കൊന്നൊടുക്കിയതായി കാണുന്നു. അതേസമയം, ആന്ധ്രപ്രദേശ് സംസ്ഥാനത്തിലാകെ ആ വർഷത്തിൽ പിടിച്ചു കൊന്നതു പതിമൂവായിരത്തി അറുനൂററുപത്തു ചെത്തിലപ്പട്ടികളെ മാത്രമാണ്.

ഇന്ത്യയിലെ പേപ്പട്ടിവിഷബാധ എത്രമാത്രം ആപൽക്കരമാണ്? ആണ്ടുതോറും ഇരുപത്തയ്യായിരത്തിലേറെ ആളുകൾ ഈ രാജ്യത്തു നായ കടിച്ചു പേയിളകി മരിക്കുന്നുണ്ട്. പേയ് വിഷത്തിനു് ആശുപത്രികളിൽച്ചെന്നു ചികിത്സനേടുന്ന ഇന്ത്യാക്കാരുടെ എണ്ണം ഒരാണ്ടിൽ അഞ്ചുലക്ഷത്തോളം വരും. പേയ്‌വിഷബാധ നിമിത്തം നഷ്ടപ്പെടുന്ന പ്രവൃത്തിദിവസങ്ങളുടെ സംഖ്യ നാല്പത്തിരണ്ടു ലക്ഷത്തിലേറെ ആണത്രേ. അതായതു്, നാല്പത്തിരണ്ടുലക്ഷം പേരുടെ ഒരു ദിവസത്തെ അദ്ധ്വാനം പേപ്പട്ടികൾമൂലം ആണ്ടുതോറും നഷ്ടപ്പെടുന്നു. ദില്ലിനഗരത്തിൽത്തന്നെ ആണ്ടുതോറും മുന്നൂറോളം ആളുകൾ പേയ് ഇളകി മരിക്കുന്നു. ഓരോ ദിവസവും അവിടെ നായ് കടിച്ചു പേയ്‌വിഷചികിത്സയ്ക്കു മുന്നൂറിനും നാനൂറിനും ഇടയ്ക്കു് ആളുകൾ ആശുപത്രികളിലെത്തുന്നു. ഇവരിൽ അധികം പേരും ഇരുപത്തിനാലു വയസ്സിനു താഴെയുള്ളവരാണ് എന്നതത്രേ ശ്രദ്ധിക്കേണ്ട ഒരു വസ്തുത. പേയ്‌വിഷചികിത്സ തികച്ചും സൗജന്യമാകയാൽ, ഈ ഇനത്തിൽ സർക്കാരിനു് ആണ്ടുതോറും നേരിടുന്ന ചെലവു നിസ്സാരമല്ല.

എന്നാലും മഴക്കാലത്തു ക്ഷണിക്കപ്പെടാത്ത അതിഥികളായി വീട്ടിന്റെ തുറന്ന പോർച്ചിൽ എത്തുന്ന കൊടിച്ചിയേയും ആക്ഷേപിച്ചു പറയുന്നതല്ല (സുന്ദരി എന്നാണ് ആ വാക്കിനു നിഘണ്ടുവിലുള്ള അർത്ഥം). അവളുടെ കാമുകരേയും വിഷം കത്തിവച്ചു കൊല്ലുന്നതിനെപ്പററി ഓർക്കുമ്പോൾ....വേണ്ട, ഞാൻ മുനിസിപ്പാലിററിയിൽ പരാതിപ്പെടുന്നില്ല. അവയും ജീവിക്കുകയും, ജീവിതത്തിൽനിന്നു കിട്ടാവുന്ന ആനന്ദം അനുഭവിക്കുകയുംചെയ്തുകൊള്ളട്ടെ. താത്വികമായി ചിന്തിക്കുമ്പോൾ, എന്നെപ്പോലെതന്നെ അവയും ഈ നാട്ടിലെ പൗരർ അല്ലേ?

(18 മെയ്, 1986)

# 98. പേയ് എന്ന പേടിസ്വപ്നം

പേപ്പട്ടിവിഷം (റാബീസ്) ബാധിച്ച്, ഇക്കഴിഞ്ഞ ചില വർഷങ്ങളിൽ മരിച്ച കേരളീയരുടെ എണ്ണം ഈയിടെ ഒരു പത്രവാർത്തയിൽ കാണുകയുണ്ടായി. ഈ വാർത്തയിൽനിന്നു്, പേപ്പട്ടിവിഷം ഇപ്പോഴും കേരളത്തിൽ ഗൗരവമുള്ള ഒരു പൊതുജനാരോഗ്യപ്രശ്നം ആണെന്നു മനസ്സിലായി. പേപ്പട്ടിവിഷം ബാധിച്ചു മരിക്കുന്നവരുടെ യാതനകൾ ഒരിക്കൽ കണ്ടവർക്കു് അവ എന്നും ഒരു പേടിസ്വപ്നമായിരിക്കും. വസൂരിബാധയെ നിർമാർജനം ചെയ്തതുപോലെ പേപ്പട്ടിവിഷബാധയെയും